"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്ത് വാർഫിൽ ജോലിയിൽ എർപ്പെടുന്ന തുറമുഖ തൊഴിലാളികൾക്ക് Personal safety equipments വിതരണം ചെയ്യുന്നത് - ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.11/2025/F&P തീയതി,തിരുവനന്തപുരം, 13-01-2025

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21/12/2024 ലെ HOKMB-TVM/493/2024-D1 (Tech) നമ്പർ കത്ത്

**ഉത്തരവ്**

ബേപ്പൂർ തുറമുഖത്ത് ജോലി ചെയ്യുമ്പോൾ അപകട സാധ്യത ഉള്ളതിനാൽ തൊഴിലാളികൾക്ക് സേഫ്റ്റി ഷൂ, ഹെൽമറ്റ് എന്നിവ അനുവദിക്കുന്നതിന് കോഴിക്കോട് ഡിസ്ട്രിക് ഹെഡ്‌ലോഡ് വർക്കേഴ്സ് യൂണിയൻ സി.ഐ.ടി.യു, ബേപ്പൂർ സമർപ്പിച്ച അപേക്ഷ പ്രകാരം തുറമുഖത്ത് ജോലി ചെയ്യുന്ന 166 തോഴിലാളികൾക്ക് സേഫ്റ്റി ഷൂ, ഹെൽമറ്റ് എന്നിവ അനുവദിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബേപ്പൂർ തയ്യാറാക്കിയ 2,15,800./- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ആയതിനുള്ള ഭരണാനുമതി "5051-80-800-98- Augmentation of Workshop and Stores Organisation 19 Machineries and Equipments" എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബേപ്പൂർ തുറമുഖത്ത് ജോലിചെയ്യുന്ന 166 തോഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങളായ സേഫ്റ്റി ഷൂ, ഹെൽമറ്റ് എന്നിവ അനുവദിക്കുന്നതിനായി 2,15,800./- (രണ്ട് ലക്ഷത്തി പതിനഞ്ചായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി "5051-80-800-98- Augmentation of Workshop and Stores Organisation 19 Machineries and Equipments " എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU V K
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 15-01-2025 10:40:52

സെക്ഷൻ ഓഫീസർ